**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** | **23-02-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടരുന്നതിന് അനുവാദം നൽകുമോ; ഇതു സംബന്ധിച്ച് നൽകിയിരുന്ന NO.136/VIP/21 , തീയതി 23.6.2021 ൽ നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000 w വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ. എസ്. ഇ. ബി. എൽ.ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. ഈ പദ്ധതി കടുത്തുരുത്തി മണ്ഡലത്തിലും നടന്നു വരുന്നു. ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ നൽകിയ കത്ത് പരിശോധിച്ചിരുന്നു. കഴിഞ്ഞ സമ്പൂർണ്ണ വൈദ്യുതീകരണ സമയത്തു കെ.എസ്.ഇ.ബി.എൽ. വിപുലമായ സംവിധാനങ്ങൾ തയ്യാറാക്കിയാണ് വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരി ച്ചിരുന്നത്. ഇപ്പോൾ വയറിംഗ് പൂർത്തീകരി ക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷനു അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ വിവരം / എണ്ണം കെ. എസ്. ഇ. ബി. എൽ.-ൽ ലഭ്യമല്ല. എന്നാൽ വൈദ്യുതി കണക്ഷൻ ആവശ്യമുള്ള ഉപഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതും എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മുൻകൂറായി തുക ലഭ്യമാക്കുന്നതിനനുസരിച്ച് കടുത്തുരുത്തി മണ്ഡലത്തിൽ മേൽപ്പറഞ്ഞ നിബന്ധന കൂടാതെയുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതുമാണ്. |
| (ബി) | വൈദ്യുതീകരണം നടക്കാത്ത പല വീടുകളും മണ്ഡലത്തിന്റെ പല ഭാഗത്തും ഉള്ള സാഹചര്യം പരിഗണിച്ചും ഗ്രാമീണ റോഡുകളിൽ ഇലടിക് പോസ്റ്റുകൾ ഇടേണ്ട സാഹചര്യത്തിലും പദ്ധതി തുടരുന്നതിന് അനുമതി നൽകുമോ? | (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000 w വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് |

| | | | |
|---|---|---|---|
| | | | ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ. എസ്. ഇ. ബി. എൽ.ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. ഈ പദ്ധതി കടുത്തുരുത്തി മണ്ഡലത്തിലും നടന്നു വരുന്നു. ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ നൽകിയ കത്ത് പരിശോധിച്ചിരുന്നു. കഴിഞ്ഞ സമ്പൂർണ്ണ വൈദ്യുതീകരണ സമയത്തു കെ.എസ്.ഇ.ബി.എൽ. വിപുലമായ സംവിധാനങ്ങൾ തയ്യാറാക്കിയാണ് വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചിരുന്നത്. ഇപ്പോൾ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷനു അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ വിവരം / എണ്ണം കെ. എസ്. ഇ. ബി. എൽ.-ൽ ലഭ്യമല്ല. എന്നാൽ വൈദ്യുതി കണക്ഷൻ ആവശ്യമുള്ള ഉപഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതും എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മുൻകൂറായി തുക ലഭ്യമാക്കുന്നതിനനുസരിച്ച് കടുത്തുരുത്തി മണ്ഡലത്തിൽ മേൽപ്പറഞ്ഞ നിബന്ധന കൂടാതെയുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ